വർഗ്ഗീയ സംഘടനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരെ മെമ്മറി ട്രയൽ നടത്താൻ നടപടി

63 (1531) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അടുത്ത കാലത്തുണ്ടായ വർഗ്ഗീയ കലാപങ്ങളുടെ അടിസ്ഥാനത്തിൽ വർഗ്ഗീയ ലഹളയ്ക്ക് നേതൃത്വം കൊടുക്കുന്നവരെ മെമ്മറി ട്രയൽ നടത്തി ശിക്ഷിക്കുന്നതിനുള്ള നിയമനടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത്തരം കേസ്സുകൾ നടത്തുന്നതിന് സ്പെഷ്യൽ കോടതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാറാട് വർഗ്ഗീയ കലാപവുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹൈവേ പോലീസ് ചാർജ്ജ് ചെയ്ത കേസ്സുകൾ

64 (1533) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി രൂപം നൽകിയ ഹൈവേ പോലീസ് ഇതുവരെ എത്ര കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട് ;

(ബി) ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ കേസ്സുകൾ ചാർജ് ചെയ്തിട്ടുള്ളത് ;

(സി) ചാർജ് ചെയ്ത കേസ്സുകളുടെ പൊതുസ്വഭാവം വിശദീകരിക്കാമോ ?

ഉത്തരം

(എ) 213020 പെറ്റി കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്. കൂടാതെ 181 ക്രൈം കേസ്സുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ചാർജ് ചെയ്തിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ല.

(സി) അമിത വേഗത, അശ്രദ്ധയോടെ വാഹനമോടിക്കൽ, ലൈസൻസില്ലാതെ വാഹനമോടിക്കൽ, അപകടകരമായ രീതിയിലുള്ള വാഹന പാർക്കിംഗ്, ഹെഡ്ലൈറ്റ് ഡിം ചെയ്യാത്തത്, വൺവേ തെറ്റിച്ച് വാഹനമോടിക്കുക, മദ്യപിച്ച് ഓടിക്കുക, എയർഹോൺ ഉപയോഗിക്കുക, അപകടം വരുത്തുന്ന വിധം സാധനങ്ങൾ വാഹനങ്ങളിൽ കൊണ്ടുപോകുക മുതലായവയാണ്.

LIBRARY ARCHIVES Kerala Legislative Assembly